**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **14-09-2023 - ൽ മറുപടിയ്ക്ക്**

**ക്ലാർക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ. നിയമമനുസരിച്ച് പത്ത് ശതമാനം അന്തർവകുപ്പ് സ്ഥലംമാറ്റം നൽകണമെന്ന ചട്ടം സഹകരണ വകുപ്പ് പാലിക്കുന്നുണ്ടോ; | (എ) | വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് ഒരു കലണ്ടർ വർഷത്തെ ആകെ ഒഴിവുകളുടെ 10% വരെ നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ വകുപ്പിൽ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാറുണ്ട്. |
| (ബി) | നിലവിൽ മറ്റ് വകുപ്പിൽ നിന്നും സഹകരണ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മറ്റ് വകുപ്പിൽ നിന്നും സഹകരണ വകുപ്പിലെ എൽ. ഡി. ക്ലർക്ക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് നിലവിൽ **96** അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ വർഷം സഹകരണ വകുപ്പിൽ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ക്ലാർക്കിന്റെ ഒഴിവ് വന്നിരുന്നോ; എങ്കിൽ അതിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനായി ആരെയെങ്കിലും പരിഗണിച്ചിരുന്നോ; | (സി) | ഈ വർഷം സഹകരണ വകുപ്പിൽ നാളിതുവരെ എറണാകുളം ജില്ലയിൽ **6** ക്ലർക്ക് ഒഴിവുകളും തൃശ്ശൂർ ജില്ലയിൽ **4** ക്ലർക്ക് ഒഴിവുകളും രൂപപ്പെട്ടിരുന്നു. പ്രസ്തുത ഒഴിവുകൾ അന്തർവകുപ്പ് സ്ഥലംമാറ്റത്തിനായി പരിഗണിച്ചിട്ടില്ല. ടി ഒഴിവുകൾ ബന്ധപ്പെട്ട പി.എസ്.സി. ഓഫീസുകളിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ഡി) | 2023 ജനുവരി 31 ന് ശേഷം സഹകരണ വകുപ്പിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നിന്നും എത്ര ക്ലാർക്ക് തസ്തികയുടെ ഒഴിവ് റിപ്പോർട്ട് ചെയ്തുവെന്നും അതിലേക്ക് ഫെബ്രുവരി 1 ന് ശേഷം ലഭിച്ച അന്തർ വകുപ്പ് സ്ഥലം മാറ്റ അപേക്ഷയിൽ എത്രയെണ്ണം പരിഗണിച്ചുവെന്നും അറിയിക്കാമോ; പരിഗണിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | 2023 ജനുവരി 31-ന് ശേഷം സഹകരണ വകുപ്പിൽ എറണാകുളം ജില്ലയിൽ 4 ക്ലർക്ക് ഒഴിവുകളും തൃശ്ശൂർ ജില്ലയിൽ 4 ക്ലർക്ക് ഒഴിവുകളും രൂപപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ജില്ലകളിലേക്ക് സഹകരണ വകുപ്പിൽ അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കാൻ 2023 ഫെബ്രുവരി 1-ന് ശേഷം ഒരു അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്. ആയത് ടി ഒഴിവുകളിൽ പരിഗണിച്ചിട്ടില്ലാത്തതാണ്. അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത് ബന്ധപ്പെട്ട വകുപ്പ് തലവന്മാരുടെ പരസ്പര സമ്മതപ്രകാരം ആയതിനാലും അന്തർവകുപ്പ് സ്ഥലംമാറ്റം ജീവനക്കാരുടെ അവകാശം അല്ലാത്തതിനാലും |

| | | | |
|---|---|---|---|
| | | | ഇതുമായി ബന്ധപ്പെട്ട നിയമാനുസൃത അനുപാതം പാലിക്കണമെന്നതിനാലുമാണ് ടി അപേക്ഷ പരിഗണിക്കാതിരുന്നത്. |
| (ഇ) | 2024 മാർച്ച് 31 ന് മുമ്പായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ വരാൻ സാധ്യതയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | 2024 മാർച്ച് 31-ന് മുമ്പായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വിരമിക്കൽ മൂലം ഒഴിവുകൾ രൂപപ്പെടുന്നില്ല. |
| (എഫ്) | 2024-ൽ സഹകരണ വകുപ്പിൽ വരുന്ന ക്ലാർക്ക് ഒഴിവിലേക്ക് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുമോ; ഇല്ലെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പിലെ വിവിധ സാഹചര്യങ്ങൾ പരിഗണിച്ച് അന്തർവകുപ്പ് സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ